(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി എത്ര സർക്കാർ സ്ക്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്; ഓരോ സ്ക്കൂളിനും എത്ര തുക സഹായമായി അനുവദിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവായി;

(ഡി) ചെലവ് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉയർന്ന നിലവാരത്തിലുള്ള ശാസ്ത്ര വിദ്യാഭ്യാസ സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ ഉറപ്പ് വരുത്തി, വിദ്യാർത്ഥികളിൽ കൂടുതൽ ശാസ്ത്രീയ അവബോധവും പഠനതാല്പര്യവും വർദ്ധിപ്പിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ശാസ്ത്രപോഷിണി. ശാസ്ത്ര പരീക്ഷണങ്ങൾ നേരിട്ട് ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള അവസരം നൽകുന്നതിലൂടെ വിദ്യാർത്ഥികൾക്കിടയിൽ ശാസ്ത്രവിഷയങ്ങളെപ്പറ്റി കൂടുതൽ ഗാഢമായ അറിവ് ജനിപ്പിക്കുവാനും പിൽക്കാലത്ത് ഉന്നത പഠനത്തിനും തൊഴിലിനും ശാസ്ത്രം ഒരു മേഖലയായി തെരഞ്ഞെടുക്കുവാൻ അവരെ പ്രേരിപ്പിക്കുവാനും ഈ പദ്ധതിക്ക് സാധിക്കും. ശാസ്ത്രാധ്യാപകർക്കുള്ള പരിശീലനവും ഈ പദ്ധതിയുടെ സവിശേഷതയാണ്. വിവിധ വിഷയങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകളിലെ ശാസ്ത്രാധ്യാപകർക്ക് ഇത് സംബന്ധിച്ച പരിശീലനം പ്രമുഖ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (C-SIS)-യിൽ വച്ച് നൽകിക്കഴിഞ്ഞു.

(ബി) 36 സ്ക്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ഓരോ സ്ക്കൂളിനും പരീക്ഷണശാലകൾ സജ്ജീകരിക്കുന്നതിനായി 50,000 രൂപ വീതവും, ഉപകരണങ്ങളും രാസവസ്തുക്കളും മറ്റും വാങ്ങുന്നതിനായി 1,87,000 രൂപ വീതവും അനുവദിച്ചു.

(സി) 93,56,387 രൂപ.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

വിവിധ വകുപ്പുകളിൽ പരിസ്ഥിതി സെൽ രൂപീകരിക്കുവാൻ നടപടി

11 [1587] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചു വരുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും ആയതിന് പരിഹാരം കണ്ടെത്തുന്നതിനും വേണ്ടി എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്ന വിവിധ വകുപ്പുകളായ തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, വൈദ്യുതി, ജലവിഭവം, വനം, വ്യവസായം, ടൂറിസം, എന്നിവയിൽ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി പ്രത്യേകം പരിസ്ഥിതിസെൽ രൂപീകരിക്കാൻ പരിസ്ഥിത് വകുപ്പ് മുൻകൈയെടുക്കുമോ;

(ഡി) പ്രസ്തുത വകുപ്പുകളിൽ പ്രത്യേകം പ്രത്യേകമായി പരിസ്ഥിതി സെൽ അതാതു വകുപ്പുകളുടെ കീഴിൽ രൂപീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിയമാവലികൾക്ക് അനുസൃതമായി പരിസ്ഥിതി സംരക്ഷണത്തിന്റെ ചുമതല വഹിക്കേണ്ടത് പ്രത്യേക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾ/ ഏജൻസികൾ ആണ്. ഉദാ:- വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തീരദേശ പരിപാലന അതോറിറ്റി, ജൈവ വൈവിധ്യ ബോർഡ് എന്നിവയുടെ പ്രവർത്തനങ്ങൾ പരിസ്ഥിതി വകുപ്പിന്റെ കീഴിൽ നടന്നുവരുന്നു. പുറമെ, കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പദ്ധതി രൂപേണ തണ്ണീർതടങ്ങളുടെ (Wet land) പരിരക്ഷണത്തിന്റെ ഭാഗമായി അഷ്ടമുടി-ശാസ്താംകോട്ട ജലാശയങ്ങളുടെ ശുദ്ധീകരണ പ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ട്. (കോഴിക്കോടിന് സമീപമുള്ള) കോട്ടൂളി ജലാശയത്തിന്റെ പദ്ധതിയും കേന്ദ്രത്തിന്റെ സഹായം ലഭിച്ചാലുടൻ ആരംഭിക്കുന്നുണ്ട്.

(ബി) കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പല പഠനങ്ങളും വിവിധ വകുപ്പുകൾ, ഏജൻസികൾ, ശാസ്ത്ര സ്ഥാപനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. ഇവയെല്ലാം ക്രോഡീകരിച്ചിട്ടുള്ള ഒരു പൊതുവായ പരിസ്ഥിതി റിപ്പോർട്ട് (State of Environment) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കി വരുന്നു. പരിസ്ഥിതിയുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട ശാസ്ത്ര പഠനങ്ങൾക്കുവേണ്ടി എൻവയോൺമെന്റ് ആന്റ് ഇക്കോളജി പ്രോഗ്രാം എന്ന പേരിൽ ഒരു പുതിയ ഗവേഷണ പദ്ധതിയും കൗൺസിൽ ആരംഭിച്ചിട്ടുണ്ട്. പുറമെ, പരിസ്ഥിതി മോണിട്ടറിംഗ് ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു ബൃഹത്തായ പദ്ധതിയും കൗൺസിൽ ആവിഷ്ക്കരിച്ചു വരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സൈലന്റ് വാലി ദേശീയോദ്യാനവും പാത്രക്കടവ് പദ്ധതിയും

12 [1588] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

" എ. കെ. മണി:

" എം. പി. ഗംഗാധരൻ:

" ലൂഡി ലൂയിസ്:

" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റ് വാലിയെ ഒരു ദേശീയോദ്യാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രഖ്യാപിച്ചത് എന്നറിയിക്കാമോ;

(ബി) അതിന്റെ വിസ്തീർണ്ണം എത്രയാണ്;

(സി) പാത്രക്കടവ് പദ്ധതി നടപ്പിലാക്കുന്നതിന് സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ ഭൂമി ആവശ്യമായി വരുമോ;

(ഡി) പാത്രക്കടവ് പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ പരിസ്ഥിതിക്ക് എന്തെങ്കിലും തകരാറ് സംഭവിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉത്തരവ് നമ്പർ 5462/എഫ്.എസ്.എ.3/82/എഡി തീയതി 15-11-84 അനുസരിച്ച് സൈലന്റ് വാലിയെ ഒരു ദേശീയോദ്യാനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 89.52 ച.കി.മീ.

(സി) ആവശ്യമില്ല.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ടുള്ള പരിസ്ഥിതി ആഘാതത്തെക്കുറിച്ച് വിശദമായ പഠനം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly